# കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - നെന്മണിക്കര ഗ്രാമപഞ്ചായത്ത് - തൃശ്ശൂർ ജില്ല - ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ റിപ്പോർട്ട് - 2010-11 – ഖണ്ഡിക 3.10 – ഓഡിറ്റ് തടസ്സം - സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

## തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്

സ.ഉ (സാ.ധാ) നം. 1/16/തസ്വഭവ തിരുവനന്തപുരം, തീയതി:01/01/2016

പരാമർശം:- 1) പഞ്ചായത്ത് ഡയറക്ടറുടെ 23/05/2015-ലെ എം3-15229/2015 നമ്പർ കത്ത്.

2) ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 17/10/2015-ലെ L.F 8629/PT2/2015 നമ്പർ കത്ത്.

## ഉത്തരവ്

തൃശ്ശൂർ ജില്ലയിലെ നെന്മണിക്കര ഗ്രാമപഞ്ചായത്തിന്റെ 2010-11 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ റിപ്പോർട്ട് ഖണ്ഡിക 3.10 പ്രകാരം പട്ടികജാതി വിഭാഗക്കാർക്ക് പി.എസ്.സി പരിശീലനം നടത്തിയ വകയിൽ ചെലവഴിച്ച 24,500/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തിയിരുന്നു. ആയതിന് സാധൂകരണം ലഭ്യമാക്കുന്നതിനായി ഗ്രാമപഞ്ചായത്തിന്റെ അപേക്ഷയും ഭരണസമിതി തീരുമാനവും ആഡിറ്റ് പരാമർശത്തിന്റെ പകർപ്പും ജില്ലാതല മോണിറ്ററിംഗ് സമിതി ശുപാർശയും സഹിതം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

ടി വിഷയത്തിൽ 24/07/2007-ലെ ജി.ഒ (എം.എസ്) 183/2007/എൽ.എസ്.ജി.ഡി ഉത്തരവിന് വിരുദ്ധമായി പി.എസ്.സി പരീക്ഷാ പരിശീലനത്തിന് ചെലവഴിച്ച 24,500/-രൂപയാണ് ഓഡിറ്റിൽ തടസ്സപ്പെടുത്തിയത്. പ്രസ്തുത പദ്ധതി നടപ്പിലാക്കിയതു വഴി പല അഭ്യസ്ത വിദ്യർക്കും തൊഴിൽ ലഭിച്ചിട്ടുണ്ടെന്ന ഗ്രാമ പഞ്ചായത്തിന്റെ തീരുമാനവും ഓഡിറ്റ് മോണിറ്ററിംഗ് സമിതിയുടെയും പഞ്ചായത്ത് ഡയറക്ടറുടെ ശുപാർശയും പരിഗണിച്ച് പ്രസ്തുത ഖണ്ഡികയ്ക്ക് സാധൂകരണം നൽകുന്ന വിഷയത്തിലും തുക ക്രമീകരിക്കുന്ന വിഷയത്തിലും സർക്കാരിന് യുക്തമായ തീരുമാനമെടുക്കാവുന്നതാണെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പഞ്ചായത്ത് ഡയറക്ടറുടെ ശുപാർശയുടെ അടിസ്ഥാനത്തിലും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ അഭിപ്രായത്തിന്റെയും ഓഡിറ്റ് മോണിറ്ററിംഗ് സമിതിയുടെയും തീരുമാനവും കണക്കിലെടുത്ത് തൃശ്ശൂർ ജില്ലയിലെ നെന്മണിക്കര

ഗ്രാമപഞ്ചായത്തിന്റെ 2010-11 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-10 പ്രകാരം ചെലവഴിച്ച 24,500/- (ഇരുപത്തിനാലായിരത്തി അഞ്ഞൂറ് രൂപ മാത്രം) രൂപയുടെ ചിലവിന് ഇത്തരം പദ്ധതികൾ ഭാവിയിൽ നടപ്പിലാക്കരുതെന്ന താക്കീതോടുകൂടി സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

കെ.ആർ.പഴനിയമ്മ
ഡെപ്യൂട്ടി സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ
സെക്രട്ടറി, നെന്മണിക്കര ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ ജില്ല
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ